

# വർണ്ണം

1951–ൽ തുടങ്ങിയ സർവ്വോദയ ഹയർ സെക്കൻഡറി സ്കൂൾ ഇന്ന് ഈശോസഭാ വൈദികരുടെ നേതൃത്വത്തിൽ ഏച്ചോം ഗ്രാമത്തിൻെറ – വയനാടിൻെറ തന്നെ അഭിമാനമായി ഉയർന്നു നില്ക്കുന്നു. LP തലത്തിൽ ആരംഭം കുറിച്ച് ഹയർ സെക്കൻഡറി തലം വരെ ഇതിൻെറ വളർച്ച എത്തി നില്ക്കുന്നു. തികച്ചും ഗ്രാമത്തിൻെറ നന്മയും പച്ചപ്പും കാത്തു സൂക്ഷിച്ച് വരും തലമുറകൾക്ക് തങ്ങളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിൻെറ മടിത്തട്ടാകുവാൻ സർവ്വോദയ ഒരുങ്ങി നില്ക്കുന്നു.

**ജില്ല**
വയനാട്

**ഉപജില്ല**
മാനന്തവാടി

**പഞ്ചായത്ത്**
പനമരം

**പ്രധാന അദ്ധ്യാപിക**
സിസ്റ്റർ ജെസി പോൾ

## സർവ്വോദയ ഹയർ സെക്കൻഡറി സ്കൂൾ

**ഏച്ചോം, വയനാട്**

ഒരു ജെസ്യൂട്ട് സ്ഥാപനം

# അതിജീവനം

പ്ലേഗും വസൂരിയും
കൊണ്ടു നശിച്ചതാം
ലോകത്തെയും നമ്മൾ
വീണ്ടെടുത്തു
അഗ്നി വാണങ്ങളാൽ
കത്തിയമർന്നയീ
ലോകത്തെയും നമ്മൾ
വീണ്ടെടുത്തു
ഭൂമികുലുക്കവും മാരി
പ്രളയവും
ഓരോന്നായി നമ്മൾ
അവഗണിച്ചു
അതിജീവനത്തിന്റെ
പാതിയിൽ
നമ്മളിന്ന് അതി ഘോര
ഘോരം
പൊരുതുമ്പോഴും
ഓർക്കുക
കൊറോണയാം
മാരിയെന്നു
നാം നേർക്കുനേർ നിന്നു
പോരാടാം

മാസ്ക് ധരിക്കുക ദൂരം
പാലിക്കുക
സൂക്ഷിക്കുക നമ്മൾ
നമ്മളെത്താൻ
കൈകാലുകൾ എന്നും
വൃത്തിയായി
കാക്കുക മെയ്യും മുഖവും
കഴുകിടുക
ഈ രോഗവും നമ്മെ
വിട്ടുപോകും(2)
നമ്മൾ വീണ്ടും പറക്കും
ഫീനിക്സ് ആയി നാം
വീണ്ടും പറക്കും ഫീനിക്സ്
ആയി നാം(2)

-shivanandhana s 9A



# സ്നേഹത്തിൻെറ ഉറവിടം

പാടത്തിനടുത്ത് ഒരു വീടുണ്ടായിരുന്നു. അദ്ദേഹത്തിന് ബന്ധുക്കളായി ആരുമില്ല. വെള്ളേട്ടൻ എന്നായിരുന്നു അയാളുടെ പേര്.നല്ല പ്രായമുള്ള വെള്ളേട്ടൻ കല്യാണം കഴിച്ചിട്ടില്ല. രണ്ട് ജേഷ്ഠന്മാരും രണ്ട് പെങ്ങന്മാരും ഉണ്ടായിരുന്നു അവരെല്ലാം മരിച്ചുപോയി.ഓട് മേഞ്ഞിട്ടുള്ള രണ്ട് മുറികളും അടുക്കളയും ഉള്ള വീടിന്റെ മുറ്റത്ത് നിന്ന് നോക്കിയാൽ വിശാലമായ പാടം കാണാം.

വെള്ളേട്ടന്റെ വീട് ചുമരൊക്കെ പൊട്ടി നശിച്ചുകൊണ്ടിരിക്കുകയാണ്. വെള്ളേട്ടന് ജീവികളെ വലിയ ഇഷ്ടമാണ്.എല്ലാ ബുധനാഴ്ചയും ചന്തയിൽ പോകുന്ന സ്വഭാവക്കാരനാണ് വെള്ളേട്ടൻ.സ്വന്തമായി പച്ചക്കറി ഉണ്ടാക്കി ചന്തയിൽ കൊണ്ടുപോയി വിൽക്കലാണ് വെള്ളേട്ടന്റെ പണി. ചെറിയതോതിൽ ലാഭം കിട്ടും കൂടാതെ വിഷമില്ലാത്ത പച്ചക്കറികളും കഴിക്കാം. പൂച്ചകളും കിളികളും കാക്കകളും അദ്ദേഹത്തിന്റെ ചങ്ങാതിമാരായിരുന്നു.താൻ ഉണ്ടാക്കുന്ന ഭക്ഷണത്തിൽ നിന്ന് പകുതി അവർക്ക് കൊടുത്തിരുന്നു. ഭക്ഷണം കഴിക്കാനില്ലാതെ ബുദ്ധിമുട്ടുന്ന ആളുകൾക്കും ഭക്ഷണം കൊടുക്കാൻ വെള്ളേട്ടൻ മറന്നിരുന്നില്ല. മറ്റുള്ളവരുടെ സന്തോഷത്തിൽ അയാൾ സമാധാനിച്ചു.

സുഖമില്ലാതെ കിടക്കുന്ന വെള്ളേട്ടനെ കാണാൻ പോകണം എന്ന് വല്യച്ഛൻ കുട്ടനോട് പറഞ്ഞു. കുട്ടന് ആരാണ് വെള്ളേട്ടൻ എന്ന് ഓർമ്മയില്ല. തനിക്ക് എപ്പോഴും മിട്ടായി തരുന്ന വെള്ളെട്ടനെ കുട്ടൻ ഓർത്തെടുത്തു . അവർ ക്ഷീണിതനായ വെള്ളേട്ടന്റെ വീട്ടിലെത്തി. തളർന്ന ശബ്ദത്തിൽ വെള്ളേട്ടൻ പറഞ്ഞു കയ്യും കാലും അനക്കാൻ വയ്യ.കുട്ടൻ വെള്ളേട്ടന് വേണ്ടി ചൂട് കഞ്ഞി കൊടുത്തു. കട്ടിലിൽ ചാരിയിരുന്ന് അൽപ്പാൽപ്പം അയാൾ അതു കുടിച്ചു. വല്യച്ഛൻ ഇനി വെള്ളേട്ടന് സുഖമായിട്ടേ വരുന്നുള്ളൂ എന്ന് കുട്ടനോട് പറഞ്ഞു.കുട്ടൻ സംശയത്തോടെ ചോദിച്ചു. വല്യച്ഛാ വെള്ളേട്ടൻ നമ്മുടെ ആരുമല്ലല്ലോ പിന്നെന്തിനാ നമ്മൾ അയാളെ നോക്കുന്നത്?.വല്യച്ഛൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു" മറ്റുള്ളവർക്ക് പ്രതീക്ഷിക്കാത്ത നന്മ ചെയ്യുന്നവരാവണം നമ്മൾ. നിന്നെ ചതിച്ചവനെ നീ ചതിക്കാൻ പാടില്ല" അങ്ങനെ കുട്ടൻ പുതിയൊരു പാഠവും കൂടി പഠിച്ചു.



## Ho examination

Oh my dear examination I have made no
preparation
I am terribly afraid of you
kindly tell me what to do
You are early I am late
I am daily loosing weight
Oh ...... Go away go away you
Must let me learn my lesson first
Go wherever you like but please leave me
alone
Otherwise I will blown you have disturbed my
sound
sleep you are sure to make weep
go away you must let me learn my first lesson

- Staniya paul 9A

# പ്രകൃതിയും മനുഷ്യനും

പ്രകൃതിയും മനുഷ്യനും ഈശ്വര ചൈതന്യം സമ്മേളിക്കുന്ന ഒരു അവസ്ഥയിലാണ് ജീവിതം മംഗളമായി തീരുന്നത്. എന്ന് ഭാരതീയ ദർശനം പഠിപ്പിക്കുന്നു. പ്രബഞ്ചുമായുള്ള പരസ്പരബന്ധം ഇന്ന് നഷ്ടമായ അവസ്ഥയിലാണ് വ്യവസായവും വികസനവും സ്വാർത്ഥത നിറഞ്ഞ ആസൂത്രണത്തിലെ കുഴപ്പങ്ങളും കൊണ്ട് നമ്മുടെ പരിസരം മലിനമായി കൊണ്ടിരിക്കുകയാണ്. ഭൂമിയും ആകാശവും സമുദ്രവും എല്ലാം മനുഷ്യൻ ഇങ്ങനെ മലിനമാക്കിയിട്ടുണ്ട്. അന്തരീക്ഷ മലിനീകരണം പരിസരമലിനീകരണത്തിന്റെ ഏറ്റവും നല്ല തെളിവാണ്. ഫാക്ടറികളിലും വാഹനങ്ങളിലും നിന്ന് തുപ്പുന്ന വിശപ്പുക നമ്മുടെ അന്തരീക്ഷത്തെ സദാ മലിനമാക്കി കൊണ്ടിരിക്കുന്നു അപകടകരമായ വികരണങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്ന കവചമാണ് ഓസോൺ പാളി. അത് വരെ പൊട്ടുന്ന രീതിയിലുള്ള മലിനീകരണം ആണ് നമ്മുടെ ഭൂമിയിൽ ഉണ്ടാകുന്നത് നമ്മുടെ അമ്മയായ പ്രകൃതിയുടെ സുരക്ഷ അവിടുത്തെ മക്കളായ നമ്മുടെ കടമയാണ്.

"പ്രകൃതിയെ സംരക്ഷിക്കൂ ജീവൻ നിലനിർത്തൂ "

-ANNSON KURIAKOSE
9B



# സ്നേഹത്തിൻെറ പ്രാധാന്യം

സ്നേഹത്തിന് വളരെ പ്രാധാന്യമുണ്ട്സ്നേഹമാണ് എല്ലാം മനുഷ്യനെ ഹൃദയത്തിൽ ഉണ്ടാകേണ്ടതാണ് സ്നേഹം ആ സ്നേഹം ഒരു സൗന്ദര്യം ഉള്ള ഒരു പെണ്ണിന് നൽകാനുള്ളതല്ല നമ്മളെ ഈ നിലയിൽ എത്തിച്ച മാതാപിതാക്കൾക്കും ആരോരുമില്ലാത്ത അനാഥരായി കഴിയുന്ന ഒരോരുത്തരോടുമാണ് ഉണ്ടാകേണ്ടത് അതാണ് സ്നേഹം.

ജാതിമത വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ ഈ ലോകത്തിലുള്ളവരെയെല്ലാം തന്റെ സഹോദരി സഹോദരന്മാരാണെന്ന് നാം ഓർക്കണം അല്ലാതെ പാവപ്പെട്ടവരെയും ദരിദ്രരെയും കാണുമ്പോൾ അറപ്പ് തോന്നുന്നുണ്ടെങ്കിൽ അത് നമ്മുടെ മൈനസ് പോയിൻറ് ആണ്.നമ്മൾ അങ്ങനെ ആകാതിരിക്കുന്നതിൽ നാം ദൈവത്തിന് നന്ദി പറഞ്ഞ് അവരെ കാണുമ്പോൾ നമ്മളെക്കൊണ്ട് കഴിയുന്ന എന്തെങ്കിലും ഒരു സഹായം ചെയ്തു കൊടുക്കാൻ കഴിയുമെങ്കിൽ നമ്മുടെ ഹൃദയത്തിൽ ഒരു തീപ്പൊരി ഉണ്ട് അത് നമ്മൾ കെടാതെ സൂക്ഷിക്കണം. നമ്മൾ നമുക്ക് വേണ്ടി അല്ലാ പാവപ്പെട്ടവർക്ക് വേണ്ടി ജീവിക്കണം ഈ തലമുറയെ വാർത്ത എടുത്തത് പണം ആണെന്നാണ് അവരുടെ വിചാരം ആ പണത്തിൽ എന്തെങ്കിലും ഒരു പങ്കു ഒരു മനുഷ്യന് നൽകാൻ കഴിഞ്ഞാൽ നമ്മൾ പുണ്യവാൻമാരാകും. ചിലരൊക്കെ തങ്ങളുടെ മാതാപിതാക്കളെ ഇറക്കിവിടും തന്നെ നൊന്ത് പെറ്റ അമ്മയെ നമ്മൾ പുച്ഛിച്ചു തള്ളരുത് അങ്ങനെയായാൽ നമ്മൾ മനുഷ്യരല്ല നമുക്ക് എല്ലാവരോടും സ്നേഹത്തിൽ പെരുമാറാൻ കഴിയട്ടെ.

ആൻസൻ കുര്യാക്കോസ് 9 B

# അവസാനമില്ലാത്ത ഓർമ്മകൾ...

പതിവുപോലെ തന്നെ അച്ഛനോടും അമ്മയോടും തനിക്കൊരു പൂച്ചക്കുട്ടിയേയോ നായ്ക്കുട്ടിയെയോ വേണമെന്ന് പറഞ്ഞ് കലഹിക്കുകയായിരുന്നു അനന്യ. അച്ഛനും അമ്മയുമാണെങ്കിൽ അമ്പിനും വില്ലിനും അടുക്കില്ല. അമ്മ പറഞ്ഞു " മോളെ നമ്മുക്ക് വല്ലാണ്ട് ശല്യമായിരിക്കും പൂച്ച ആണെങ്കിൽ എപ്പഴാ എന്താ എടുത്തോണ്ട് പോവുക എന്ന് പറയാൻ പറ്റില്ല. നായ് ആണെങ്കിൽ ഉറങ്ങാൻ പോലും സമ്മതിക്കാതെ കുരച്ചുകൊണ്ടേയിരിക്കും ". അമ്മയുടെ ഈ സംസാരം കേട്ട് ഉണ്ണർന്നുവന്ന ചേട്ടനും അച്ഛനും അമ്മയുടെ പക്ഷം പിടിച്ചു. ഇത് എന്നും തുടർന്ന് പോയിക്കൊണ്ടെ ഇരുന്നു....

തന്റെ മുറ്റത്തൂടെ പോയികൊണ്ടിരുന്ന ഏത് മൃഗത്തേയും തന്റെ വശത്താകാൻ അനന്യ ശ്രമികുമായിരുന്നു പക്ഷെ അതൊന്നും അവളെ തിരിഞ്ഞു കൂടി നോക്കാതെ പോകുമായിരുന്നു. വീട്ടിലാരും ഇല്ലാത്തിരുന്ന ഒരു ദിവസം മുറ്റത്തുകൂടി നടക്കുന്ന ഒരു പൂച്ചയെ അവൾ കണ്ടു. കാണുമ്പോൾ തന്നെ ആരും ഇഷ്ടപെടുന്ന ഒരു പൂച്ച വെള്ള രോമങ്ങൾ കൊണ്ടുള്ള, പഞ്ഞി കേട്ട് എന്ന് തന്നെ വിളിക്കാം. പക്ഷെ മറ്റു മൃഗങ്ങളെ പോല്ലേയല്ലായിരുന്നു അത്, തനിക്കൊരു യജമാനന്നേ അന്വേഷിച്ചു നടക്കുന്ന പോലെയായിരുന്നു ആ പൂച്ച. ആ അവസരം വെറുതെ വിട്ടില്ല അനന്യ. അവൾ നേരെ അടുക്കളയിലേയ്ക്ക് ഓടി അവിടുന്നൊരു ചിരട്ടയിൽ ചോറും അമ്മ ചായ വെക്കാനിരുന്ന പാലും അതിൽ ഒഴിച്ചു കൊണ്ടകൊടുത്തു തുടക്കത്തിലൊക്കെ അവളിൽ നിന്ന് ദൂരെ ദൂരെ മാറി പോയികൊണ്ടിരുന്നെങ്കിലും അവസാനം ആ ചിരട്ടയിലെ ഭക്ഷണം ആ പൂച്ച കഴിച്ചു. അപ്പോളതാ ഒരു വില്ലനെ പോലെ അവളുടെ ചേട്ടൻ അവിടെയെത്തിയിരിക്കുന്നു, എന്നിട്ട് വീട്ടിലേക്ക് വന്നുകേറിയ്യ അച്ഛമ്മയോട് പറഞ്ഞു അച്ഛമ്മാ.... ഈ പൂച്ചയാ അന്ന് നമ്മുടെ മീൻ കവറോടെ എടുത്തോണ്ട് പോയത് പുറകെ ഓടീട്ട ഒരു മീനെങ്കിലും എനിക്ക് കിട്ടിയത്. അനന്യ അപ്പോൾ ചേട്ടനെ തുറിച്ചു നോക്കി. അപ്പോഴേക്കും ഒരു വടിയെടുത്ത അച്ഛമ്മ അതിനെ ഓടിച്ചിരുന്നു. അനന്യ തന്റെ ചേട്ടനെ തട്ടി മാറ്റി ഉള്ളിലേക്ക് സങ്കടത്തിൽ കേറിപ്പോയി. പക്ഷെ ആ പൂച്ച അനന്യയെ അംഗീകരിച്ചു കഴിഞ്ഞിരുന്നു.

പിറ്റേദിവസം മുറ്റത്ത് അനന്യയെ കാത്തു ആ പൂച്ച നിൽക്കുന്നുണ്ടായിരുന്നു. അതിനെ മെല്ലെ തലോടാൻ പോയ അനന്യയെ അച്ഛൻ തടഞ്ഞു എന്നിട്ട് പറഞ്ഞു എവിടെയൊക്കെ തെണ്ടിത്തിരിഞ്ഞു വന്നതാ എന്ന് ആർക്കറിയാം നീ അതിനെ തൊടണ്ട.അനന്യക്ക് വല്ലാണ്ട് സങ്കടമായി. പക്ഷെ അവളുണ്ടോ അത് അനുസരിക്കുന്നു അച്ഛൻ മാറിയപ്പോഴേക്കും അതിനെ എടുത്ത് മടിയിൽ വെച്ച് അവൾ ആ പൂച്ചയെ

" പാച്ചൂ "....എന്ന് വിളിച്ചു, അങ്ങനെ ദിവസങ്ങൾ പോകുംതോറും അവളും ആ പൂച്ചയും തമ്മിലുള്ള സ്നേഹം കൂടി കൂടി വന്നു. ഒരു ദിവസം വൈകുന്നേരം പാച്ചു വീടിനകത്തേക് കേറി വന്നു. അനന്യക്ക് പേടിയായി അച്ഛനോ അമ്മയോ അതിനെ തല്ലി ഓടിക്കുമോ എന്ന് വിചാരിച്ച് പക്ഷെ അവളെ അത്ഭുതപെടുത്തികൊണ്ട് അമ്മ അതിനെ ഒന്നു തലോടി അച്ഛനും ചേട്ടനും ഒന്നും അതിനെ ചെയ്തില്ല. അന്ന് രാത്രി അവൾ പഠിക്കുമ്പോൾ പോലും ആ പൂച്ച അവളുടെ അടുത്ത് ചേർന്നിരുന്നു. ഉറങ്ങാൻ നേരം അനന്യ പാച്ചുവിനെ ഒത്തിരി തിരഞ്ഞു പക്ഷെ കിട്ടിയില്ല. പെട്ടന്ന് ചേട്ടൻ അവളോട് പറഞ്ഞു നിന്റെ റൂമിന്റെ കാബോഡിൽ ഒന്നു ചെന്നുനോക്കാൻ. അവളുടെ സ്വന്തം പാച്ചു ആ ഉടുപ്പുകളെ ഇടയിൽ കിടന്നുറങ്ങുന്നു. അവൾ ആ പൂച്ചയെ എഴുന്നേപ്പിച്ചു വിട്ടില്ല അത് ഉറങ്ങിക്കോട്ടെ എന്ന് വിചാരിച്ചു കൊണ്ട്. പക്ഷെ രാവിലെ ആകുമ്പോഴേക്കും പാച്ചുവിന്റെ സ്ഥാനം അവളുടെ കൂടെ പുതപ്പിന്റെ ഉള്ളിലേയ്ക്ക് മാറിയിരുന്നു. പാച്ചുവിനാണെങ്കിൽ ഒരു സുഖജീവിതമായിരുന്നു രാവിലെ ആണെങ്കിൽ ഒരു പാത്രം പാല് കിട്ടും വൈകുന്നേരവും ഒരു പാത്രം കിട്ടും രാത്രി ആണെങ്കിൽ അവർ കഴിക്കുന്നതിന്റെ ഒരു പങ്കും കിട്ടുമായിരുന്നു. പക്ഷെയെങ്കിലും ഇടക്ക് പാച്ചുവിനെ ഒരാഴ്ചയോളം കാണാതാകുമായിരുന്നു. അപ്പോൾ ചേട്ടൻ പറയും പാച്ചുവിന് വല്ല ഭാര്യയും മകളും ഉണ്ടാകും അതിനെ നോക്കാൻ പോവുന്നതായിരിക്കുമെന്ന്. ആ വീട്ടിലെ എല്ലാരും അത് സത്യത്തിൽ വിശ്വസിക്കുകയും ചെയ്തു. അങ്ങനെ വേനൽ കാലം കഴിഞ്ഞു വസന്ത കാലം കഴിഞ്ഞു മഴക്കാലം വന്നെത്തി പക്ഷേ മഴക്കാലത്തിന്റെ തുടക്കത്തോടെ പാച്ചുവിന്  മാറ്റം വരാൻ

തുടങ്ങിയിരുന്നു. ഒരു ദിവസം രാവിലെ അനന്യ പാച്ചുവിനെ തിരഞ്ഞു നടക്കുകയായിരുന്നു. അപ്പോൾ ഒരു സ്ഥലത്ത് അനങ്ങാതെ കിടന്നുറങ്ങുന്ന പാച്ചുവിനെ കണ്ടു. പെട്ടെന്ന് അവൾ അങ്ങോട്ട് ഓടിപ്പോയി. അതിനെ എടുക്കാൻ പോയപ്പോൾ അച്ഛൻ പറഞ്ഞു അനു...... അതിനെ തൊടണ്ട അതിനെന്തോ അസുഖം വന്നിരിക്കുകയാണ്. എന്താ എന്നൊന്നും അറിയില്ല അതുകൊണ്ട് നീ കുറച്ചുദിവസം അതിൻറെ അടുത്തേക്ക് പോകണ്ട. അനന്യക്ക് അത് ചിന്തിക്കാൻ പോലും കഴിയാത്തതായിരുന്നു. അവൾ അച്ഛൻ പറഞ്ഞത് കേൾക്കാതെ അതിനെ എടുത്ത് പറ്റാവുന്ന പോലെ ശുശ്രൂഷിച്ചു. പെട്ടെന്നൊരു ദിവസം എന്നും പാച്ചു കിടന്നിരുന്ന സ്ഥലം കാലിയായിരുന്നു. അവൾ വല്ലാണ്ട് പേടിച്ചു കുറേ തിരഞ്ഞു. ആ തിരച്ചിൽ ദിവസങ്ങളോളം നീണ്ടു നിന്നതായിരുന്നു. ഇതുവരെ പാച്ചു ഇത്ര ദിവസം മാറി നിന്നിട്ടില്ല എന്ന് അനന്യ ആലോചിച്ചു. ഒരു ദിവസം പെട്ടെന്ന് അച്ഛൻ പണി സ്ഥലത്തുനിന്ന് ഓടിവന്നു എന്നിട്ട് ചേട്ടനോട് പറഞ്ഞു സാനിറ്റൈസർ കയ്യിൽ ആക്കാൻ. അവൾ അച്ഛനോട് ചോദിച്ചു എന്തുപറ്റി എന്ന്. ഒന്നു പറയാൻ മടിച്ചെങ്കിലും അച്ഛൻ പറഞ്ഞു."മോളെ പാച്ചു....... മരിച്ചു"അവൾ ഒരിക്കലും ഇങ്ങനെ ഒരു മറുപടി പ്രതീക്ഷിച്ചിരുന്നില്ല. അവളുടെ തുടുത്ത കവിളുകൾ ചുവന്നു, ഇറ്റ് ഇറ്റ് കണ്ണീരൊഴുക്കി. പെട്ടെന്ന് അമ്മ അനന്യയോട് പറഞ്ഞു അനു.... സാധാരണ പൂച്ചകൾ തൻറെ യജമാൻ വിഷമിക്കാതിരിക്കാൻ താൻ മരിക്കുന്നതിനു മുമ്പേ അവളുടെ അടുത്തുനിന്ന് പോകും. ഇത് കേട്ടതും അനന്യ ആകെ തകർന്നിരുന്നു കാരണം അവൾ അപ്പോഴേക്കും ആ പൂച്ചയെ വെറുക്കാൻ തുടങ്ങിയിരുന്നു. ഇത് കേട്ടതോടെ അവൾ പാച്ചുവിനെ കുറിച്ച് ഇത്ര ദിവസം എന്തിനാണ് പഴിച്ചതെന്ന് ആലോചിച്ച് വിഷമിച്ചു

പക്ഷേ അനന്യ ആ ഒരു പാച്ചുവിൽ മാത്രം നിർത്തിയില്ല. അടുത്തുവരുന്ന ഓരോ പൂച്ചയും പാച്ചു എന്ന് കരുതി സ്നേഹിച്ചുകൊണ്ടിരുന്നു......

- ആവണി എ .സി 9A



# നാടിൻെറ പുരോഗതി

സ്വന്തം നാടിൻെറ പുരോഗതിക്കായി മുന്നേറിയ ഒരുപാട് ധീരജവാൻമാരുടെ നാടാണ് നമ്മുടെ ഇന്ത്യ ഒരു ഇന്ത്യക്കാരൻ എന്ന നിലയിൽ നമുക്ക് നമ്മുടെ ഭാരതത്തോട് ആദരവ് ഉണ്ടാകണം. ഇതിന് ഒരു ഉദാഹരണമാണ് വൈക്കം മുഹമ്മദ് ബഷീറിൻറെ "അമ്മ" എന്ന കൃതി തന്റെ മാതൃരാജ്യത്തിന് വേണ്ടി തന്നെ പ്രസവിച്ച അമ്മയെ വിട്ട് സ്വാതന്ത്ര്യത്തിനുവേണ്ടി പോവുകയാണ് ഭാരതം നാളെ സ്വതന്ത്രമാകും , സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കാളിയാകണം , അതാണ് ഓരോ വിദ്യാർത്ഥിയുടെയും മനസ്സിൽ ഉണ്ടാകേണ്ടത്. പറങ്കിപ്പടയുടെയും വെള്ളക്കാരുടെയും ചീറിയടുക്കുന്ന വെടിയുണ്ടകൾക്ക് മുമ്പിൽ വീര ഇതിഹാസം വരിച്ചവരുടെ ഒരു വലിയ നിരയാണ് ഇന്ത്യയിൽ ഗാന്ധിയെ തൊടണം ഗാന്ധിജിയെ തൊട്ടില്ലെങ്കിൽ മരിച്ചുപോയേക്കാം എന്നാണ് ബഷീർ പറഞ്ഞിരിക്കുന്നത്. ഓരോ ഇന്ത്യക്കാരന്റെയും ലക്ഷ്യം സ്വാതന്ത്ര്യമായിരിക്കാം, പക്ഷേ ഇപ്പോഴും സ്വാതന്ത്ര്യമില്ലാത്ത കുറെയേറെ സ്ഥലങ്ങളുണ്ട് അതിനൊരു ഉദാഹരണമാണ് മണിപ്പൂർ "സ്ത്രീകളെ ഉടുതുണിയില്ലാതെ പെരുവഴിയിലൂടെ നടത്തുന്നതിനെതിരെയാണ് നമ്മൾ പോരാടേണ്ടത് ഇതിനെതിരെയാണ് നാം പ്രതിഷേധിക്കേണ്ടത്. നമ്മുടെ നാട് ഒരു സ്വാതന്ത്ര്യ നാടാകാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം അതിനായി നമുക്ക് ഒരുങ്ങാം.

-

Annson kuriakose 9B

# കണ്ണനും കറുപ്പനും

തീറ്റ തേടി ഇറങ്ങിയ കറുപ്പൻ കാക്ക ഒരു പപ്പടവുമായി ആണ് തിരിച്ചെത്തിയത് .അവൻ ഒരു മരച്ചില്ലയിൽ ചെന്നിരുന്നത് ആസ്വദിച്ചു തിന്നാൻ തുടങ്ങി. അപ്പോഴാണ് കണ്ണൻ കാക്കാ അത് വഴി വന്നത്. ചങ്ങാതിയായ കണ്ണനെ കണ്ടപ്പോൾ കറുപ്പന് സന്തോഷമായി. ഇപ്പോൾ വന്നത് നന്നായി പപ്പടം ഉള്ളത് പാതി തരാം. കാച്ചിയ പപ്പടം ആണല്ലോ ! കറുമുറയെ തിന്നാം കണ്ണൻ കാക്ക സന്തോഷത്തോടെ ചങ്ങാതിയുടെ ക്ഷണം സ്വീകരിച്ച് അടുത്തേക്ക് ചെന്നു. കൊള്ളാം നല്ല പപ്പടം നിനക്കിത് എവിടുന്നു കിട്ടി ? കണ്ണൻ ചോദിച്ചു ഞാൻ ഇത് അപ്പുവിന്റെ അടുക്കളയിൽ നിന്ന് ആരുമില്ലാത്ത നേരം നോക്കി എടുത്തതാണ് . കറുപ്പൻ പറഞ്ഞു ”അയ്യോ ! നീ ചെയ്തത് ഒട്ടും ശരിയായില്ല അപ്പുവിന്റെ അമ്മ ബാക്കി വരുന്ന ആഹാരം നമുക്ക് എടുത്തുവച്ചു തരാറുള്ളതല്ലേ .. വിശന്നിട്ടാണെങ്കിൽ പോലും കളവ് കാണിക്കാൻ പാടില്ല കണ്ണനുപദേശിച്ചു. അത് കേട്ടപ്പോൾ കറുപ്പിന് വിഷമമായി ഇനി ഒരിക്കലും മോഷ്ടിക്കുകയില്ല എന്ന് അവൻ ഉറപ്പിച്ചു .

”നല്ലത് ചൊല്ലും ചങ്ങാതി

ഉള്ളത് ചെല്ലാം കേട്ടാലും വയറുനിറയ്ക്കാനാണേലും കള്ളം കാട്ടില്ലൊരു നാളും ” കറുപ്പൻ കാക്ക അറിയിച്ചു നല്ല തീരുമാനം. അത് കേട്ടപ്പോൾ കണ്ണനു സന്തോഷമായി. നല്ല ചങ്ങാതിമാർ ഇങ്ങനെയാണ് തെറ്റ് കണ്ടാൽ ഉപദേശിക്കും തിരുത്താനും മടിക്കില്ല.കണ്ണൻ കാക്കാ ഈ ലോകത്തിലുള്ളവർക്ക് എല്ലാം ഒരു മാതൃകയായി തീരട്ടെ ..



## ഓർമ്മക്കുറിപ്പ്

ഈ അധ്യായന വർഷത്തിൽ ഈ സ്കൂളിൽ ചേരുമ്പോൾ വളരെയധികം ആശങ്കയും വിഷമവും ഉള്ളിലുണ്ടായിരുന്നു. പക്ഷേ ഇവിടുത്തെ ടീച്ചർ മാരുടെയും കൂട്ടുകാരുടെയും ചേർത്തു പിടിക്കലും സ്നേഹവും കാരണമാണ് ഞാൻ ഇവിടെ വരെ അഭിമാനപൂർവ്വം എത്തി നിൽക്കുന്നത്. എനിക്ക് കിട്ടിയ അവസരം പൂർത്തിയാക്കാൻ സാധിച്ചത് ഞാൻ ഏറെ സന്തോഷിക്കുന്നു

ആന്ധ്രപ്രദേശിലെ വിജയവാഡയിൽ മത്സരിക്കാനും അവിടുന്ന് ഒന്നാം സ്ഥാനം നേടാൻ സാധിച്ചതിനോടൊപ്പം അവിടെ വരെയുള്ള യാത്രയുംവളരെ വിലപ്പെട്ടതാണ് കൽപ്പറ്റയിൽ നിന്നും ബസ്സിൽ കയറി ബാംഗ്ലൂർ റെയിൽവേ സ്റ്റേഷനിൽ എത്തി അവിടെ വരെ വളരെ മനോഹരമായ സ്ഥലങ്ങളും ടൗണുകളും കാണാൻ കഴിഞ്ഞു.ട്രെയിൻ അന്ന് വൈകിയതിനാൽ അവിടെ താമസിക്കേണ്ടി വന്നു .ഒരു അടുത്തുള്ള ഹോട്ടലിലെ മുറിയിലാണ് താമസിച്ചത് .അവിടെ വലിയ സൗകര്യമില്ലെങ്കിലും ഇരട്ടി പണമാണ് അവർ വാങ്ങിയത്. ഭക്ഷണം കഴിക്കാൻ ഇറങ്ങിയപ്പോൾ അവിടുത്തെ റോഡ് സൈഡിലുള്ള മനുഷ്യരുടെ ജീവിതം കണ്ടറിയാൻ സാധിച്ചു. ചെറിയ ചെറിയ കുടിലുകൾ കെട്ടി കോളനിയായിയാണ് അവർ താമസിക്കുന്നത്. നല്ല ആഹാരം ഒന്നും അവർക്ക് നിർബന്ധമില്ല. 2 കിലോമീറ്റർ നടന്നാണ് ഞങ്ങൾ ഒരു നല്ല ഹോട്ടൽ കണ്ടത് അവിടെ മലയാള സുഹൃത്തുക്കളെ കണ്ടുമുട്ടുകയും അവരാണ് വഴി കാണിച്ചു തന്നതും. പിറ്റേന്ന് ആന്ധ്രയിലേക്ക് ഞാനും സാറും ട്രെയിൻ കയറി.കുറച്ച് ബിസ്കറ്റും വെള്ളവും ആണ് ഞങ്ങൾ കഴിക്കാൻ കരുതിയിരുന്നത്.ട്രെയിൻ യാത്ര എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു.കുറേ കാര്യങ്ങൾ സംസാരിച്ചും തമാശ പറഞ്ഞ് ഞങ്ങൾ ആന്ധ്രയിലെത്തി.



അവിടുന്ന് മത്സരം നടക്കുന്ന വിജയവാഡയിലേക്ക് സ്കൂൾ ബസ്സിലാണ് ഞങ്ങൾ പോയത്. ആന്ധ്രയിലെ ആദ്യ കാഴ്ചകൾ വളരെ മനോഹരമായിരുന്നു കുറച്ചുനേരം കൊണ്ട് തന്നെ ഞങ്ങൾ മുരളി റിസോർട്ടിൽ എത്തി. അവിടെയാണ് മത്സരം നടക്കുന്നത് വലിയ കെട്ടിടമാണ് .ചുറ്റും വയൽ പ്രദേശമാണ് രണ്ടാം നിലയിൽ ഒരു ഹാളിലാണ് മത്സരാർത്ഥികളായ ആൺകുട്ടികൾക്ക് താമസം .അവിടെ എത്തിയതും മലയാളികളായ കൂട്ടുകാരെ കണ്ടുമുട്ടാനും നല്ല കൂട്ടാവാനും സാധിച്ചു.സാർ താമസിച്ചിരുന്നത് മറ്റൊരു ഹോട്ടലിലാണ് . ആദ്യദിവസം മുതൽ തന്നെ ആന്ധ്രയിലുള്ള സ്കൂളുകളിലെ കുട്ടികൾ കാഴ്ചയ്ക്ക് വരാൻ തുടങ്ങി. എൻറെ പ്രോജക്ട് എല്ലാവരെയും വളരെ ആകർഷിച്ചു. കുറെ അധ്യാപകരുടെ മുമ്പിലും ഞാൻ അവതരിപ്പിച്ചു. അങ്ങനെ ജഡ്ജസ് എത്തിയപ്പോൾ ഒരു ഭയവും തോന്നാതെ എനിക്ക് അവതരിപ്പിക്കാൻ സാധിച്ചു. തിരികെ പോരുമ്പോൾ അവിടുത്തെ കൂട്ടുകാരെയും അഞ്ചുദിവസത്തെ പരിചയങ്ങളും പിരിയുമ്പോൾ കുറച്ച് വിഷമിച്ചു.അവിടുന്ന് കിട്ടിയ ഓർമ്മകൾ മറക്കാനാവാത്തതാണ് . എല്ലാത്തിനും എന്റെ കൂടെയുണ്ടായിരുന്നും എന്നെ പ്രോത്സാഹിപ്പിച്ചതും നയിച്ചതും എല്ലാം ഷനിൽ സാർ തന്നെയാണ്.സാറിന്റെ കഴിവുകളാണ് എന്റെ വിജയത്തിൻറെ കാരണം.സാർ തന്റെ വിലപ്പെട്ട സമയം എനിക്ക് വേണ്ടി കുറെ മാറ്റിവെച്ചു. ഈ യാത്രയിലൂടെ കുറെയധികം കാര്യങ്ങൾ ഞാൻ പഠിച്ചു .എനിക്ക് എല്ലാ പിന്തുണയും നൽകിയ ജെസി പോൾ സിസ്റ്ററിനെയും സ്കൂളിനെയും ഞാൻ ഓർക്കുന്നു. നമുക്ക് ലഭിക്കുന്ന അവസരങ്ങൾ ആത്മാർത്ഥതയോടെ വിനിയോഗിക്കുമ്പോൾ വലിയ വിജങ്ങളിലേക്ക് നമുക്ക് എത്താൻ സാധിക്കും ....നന്ദി




Riyon Jobit 9B

# കൗമാരക്കാരുടെ ആരോഗ്യം

കൗമാരക്കാരുടെ ആരോഗ്യത്തിന് മുൻഗണനനൽകേണ്ടതു നിർണ്ണായകമണ്. കൗമാരം ശരീര,മാനസിക വളർച്ചയുടെ നിർണ്ണായക സമയമാണ്. ശരിയായ ഭക്ഷണ ക്രമം, ചിട്ടയായ വ്യയാമം, മതിയായ ഉറക്കം, എന്നിവ പൊലുള്ള ആരോഗ്യകരമായ ശീലങ്ങൾ നേരത്തെ തന്നെ സ്ഥാപിക്കുന്നത് നമ്മുടെ നന്മയ്ക്ക്, സൗഖ്യത്തിന് സംഭവന ചെയ്യുന്നു. പ്രയപൂർത്തിയാകുമ്പോൾ ആരോഗ്യകരമായ ജീവിത ശൈലിക്ക് ഇത് അടിത്തറ ഇടുകയും പിന്നിട് ജീവിതത്തിൽ ആരോഗ്യപ്രശ്നങ്ങൾ തടയുകയും ചെയ്യും. കുടാതെ ശീലങ്ങൾ രൂപപ്പെടുത്തുന്ന ഒരു കാലഘട്ടമാണ് കൗമാരം. ഇത് ആരോഗ്യത്തോടും സ്വയം പരിചരണത്തോടും നല്ല മനോഭവം വളർത്തിയെടുക്കുന്നതിനോടുള്ള ഉചിതമായ സമയമാണ്.

കൗമാരത്തിൽ മാനസിക ആരോഗ്യം പ്രധാനമാണ്. കാരണം അത് നമ്മുടെ സുസ്ഥിതിയോടും, ആത്മാഭിമാനത്തോടും ഏറെ സ്വാധീനിക്കുന്നു. ശരിയയായ മാനസിക ആരോഗ്യം, ആരോഗ്യകരമായ ബന്ധങ്ങൾ വെല്ലുവിളികളെ നേരിടുന്നതിനുള്ള കഴിവ്, പാഠനത്തിൽ വിജയം എന്നിവയെ പിന്തുണയ്ക്കുന്നു ഈ കലഘട്ടത്തിൽ മനസ് ആരോഗ്യത്തെ അഭിസംബോധന ചെയ്യുന്ന ദീർഘകാല പ്രശ്നങ്ങൾ തടയുന്നതിന്
സഹായിക്കുന്നു .വ്യക്തികളുടേയും സമൂഹത്തിൻ്റേയും ആരോഗ്യകരമായ ഭാവിക്ക് കൗമാരക്കാരുടെ ആരോഗ്യത്തിന് മുൻഗണന നൽനൽകേണ്ടതു എല്ലാവരുടെയും ഉത്തരവതിത്യമാണ്.

- ARABHI .S 9B



## Truth be known

We didn't do it four our names known
We did it to show them what this our home
We never did this to have a great time
We intended to do proud of our tribe
We never thought it could start a big movement
Now we are standing watching the abusement!

The time they know we will longer try
The don't understand that his is our land
Iam protection of our tribe, we will never
Backdown or begin to hide
Is this the welcoming to our side?



If you think you are beaten you are
If you think you dare not, you don't
If you like a win... But think you can't
It's almost a clinch, you won't

If you think you will lose, you are lost
For out in the world you will find
Success begins with a fellow's will
It's all in a state of mind .

-Alfa rose saju




# വരകളിലൂടെ

















# മികവുകൾ


ദക്ഷിണേന്ത്യൻ സയൻസ് ഫെയറിൽ
വ്യക്തിഗത ഇനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച്
ഒന്നാം സ്ഥാനത്തിന്റെ സുവർണ നേട്ടം
കേരളത്തിന്റെ അഭിമാനം
സർവോദയയുടെ സ്വന്തം
റിയോൺ ജോബിറ്റിനും ഷനിൽ സാറിനും
അഭിനന്ദനങ്ങൾ
സർവോദയ
ഹയർ സെക്കൻഡറി സ്കൂൾ
ഏച്ചോം, വയനാട്
ഒരു ജെസ്യൂട്ട് സ്ഥാപനം


Southern India SCIENCE FAIR 2024
KERALA STATE 1st Prize in Individual Category
RIYON JOBIT &
Teacher Guide
Shanil E.J.
Congratulations
SARVODAYA
HIGHER SECONDARY SCHOOL
Eachome, Wayanad
A JESUIT INSTITUTION


2023 KERALA STATE SCHOOL
SASTHROLSAVAM
RIYON JOBIT &
RUSSEL ALI Y.
HS-Improvised Experiments
4th with A GRADE
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
Eachome, Wayanad


2023 KERALA STATE SCHOOL
SASTHROLSAVAM
SHANIL EJ
HS-Science
Teaching Aid
4th with A GRADE
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
Eachome, Wayanad


യുവകപ്പ്
സ്കൂൾസ് ഫുട്ബോൾ
ടൂർണ്ണമെന്റിൽ
അഞ്ചാം സ്ഥാനം നേടിയ
സർവോദയ സ്കൂൾ
ക്യാഷ് പ്രൈസ് ഏറ്റുവാങ്ങുന്നു
അഭിനന്ദനങ്ങൾ
സർവോദയ
ഹയർ സെക്കൻഡറി സ്കൂൾ
ഏച്ചോം, വയനാട്
ഒരു ജസ്യൂട്ട് സ്ഥാപനം


വയനാട് ജില്ലയിലെ
52 സ്കൂളുകളിൽ നിന്നും
പങ്കെടുത്ത ആയിരത്തി
ഒരുനൂറോളം കുട്ടികളിലെ
തിരഞ്ഞെടുക്കപ്പെട്ട
8 പേർക്ക് ആണ്
യുവകപ്പ് സ്കോളർഷിപ്പ്
ലഭിക്കുന്നത്
യുവകപ്പ് സ്കൂൾസ്
ഫുട്ബോൾ ടൂർണ്ണമെന്റിൽ
2 ലക്ഷം രൂപയുടെ
സ്കോളർഷിപ്പിന്
അർഹത നേടിയ
സൂരജ് സുരേഷ്
അഭിനന്ദനങ്ങൾ
സർവ്വോദയ
ഹയർ സെക്കൻഡറി സ്കൂൾ
ഏച്ചോം, വയനാട്
ഒരു ജസ്യൂട്ട് സ്ഥാപനം


INDO-SRILANKA
KARATE CHAMPIOSHIP
2024
1st
14 years
category
MISHAL BIN
RASHEED
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad


2023 KERALA
STATE SCHOOL
SASTHROLSAVAM
HS
IT Fair
MALAYALAM TYPING
ALENA MARIYA K A
B
Grade
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad


2023
KERALA
STATE SCHOOL
SASTHROLSAVAM
Congratulations
HS
Work Experience
Coir Door Mats
BIJU V.
A
Grade
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad


പൊതു വിദ്യാഭ്യാസ വകുപ്പിന്റെ
2023-24
സംസ്കൃതം
സ്കോളർഷിപ്പ്
ജേതാക്കൾ
6TH
RANK
അലേന മരിയ കെ.എ.
10 - C
പത്മപ്രിയ എം.
10 - C
ഗ്ലോറി റോസ്
9 - A
അവർണിക കെ.ആർ.
8 - C
മാളവിക ആനന്ദ്
7 - A
അനേയ റിനീഷ്
6 - D
അഭിനന്ദനങ്ങൾ
സർവോദയ
ഹയർ സെക്കൻഡറി സ്കൂൾ
ഒരു ജെസ്യൂട്ട് സ്ഥാപനം
ഏച്ചോം, വയനാട്


INDO-SRILANKA
KARATE CHAMPIOSHIP
2024
1st
14 years
category
MISHAL BIN
RASHEED
INDO-SRILANKA
KARATE CHAMPIONSHIP-2024
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad


2023
KERALA
STATE SCHOOL
SASTHROLSAVAM
Congratulations
HS
Work Experience
Garment Making
JUBINA FATHIMA V.
A
Grade
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad


2023
KERALA
STATE SCHOOL
SASTHROLSAVAM
Congratulations
HS
Work Experience
Product Using Palm Leaves
MITHRA GOPALAN
A
Grade
Congratulations!
SARVODAYA
HIGHER SECONDARY SCHOOL
A Jesuit Institution
Eachome, Wayanad






9th standard LITTLE KITES TEAM SARVODAYA